# നാലാമത് നിരായുധീകരണ, അന്താരാഷ്ട്ര സുരക്ഷാ കാര്യ ഫെല്ലോഷിപ്പ് പ്രോഗ്രാം

ഫെബ്രുവരി 9, 2024

വിദേശകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ സുഷമ സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ സർവീസിൽ വച്ച് 2024 ജനുവരി 22 മുതൽ ഫെബ്രുവരി 9 വരെ തീയതികളിൽ വാർഷിക നിരായുധീകരണ, അന്താരാഷ്ട്ര സുരക്ഷാ ഫെല്ലോഷിപ്പ് പ്രോഗ്രാമിന്റെ നാലാമത് പതിപ്പ് സംഘടിപ്പിച്ചു. ഇന്ന് നടന്ന സമാപന ചടങ്ങിൽ ഫെലോഷിപ്പ് പ്രോഗ്രാമിൽ പങ്കെടുത്ത 24 രാജ്യങ്ങളിൽ നിന്നുള്ള യുവ നയതന്ത്രജ്ഞരെ വിദേശകാര്യ സെക്രട്ടറി ശ്രീ. വിനയ് ഖത്ര അഭിസംബോധന ചെയ്തു. ജനുവരി 22-ന് നടന്ന ഉദ്ഘാടന ചടങ്ങിൽ, യുഎൻ അണ്ടർ സെക്രട്ടറി ജനറലും നിരായുധീകരണ കാര്യ ഉന്നത പ്രതിനിധിയുമായ ശ്രീമതി ഇസുമി നകാമിറ്റ്സു വീഡിയോ സന്ദേശത്തിലൂടെ ഉദ്ഘാടന പ്രസംഗം നടത്തി. പങ്കെടുത്ത അംഗങ്ങൾ ഫെബ്രുവരി 5-ന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തി.

2. ആഗോള സുരക്ഷാ അന്തരീക്ഷം, വലിയ നശീകരണ ശേഷിയുള്ള ആയുധങ്ങൾ, ചില പരമ്പരാഗത ആയുധങ്ങൾ, ബഹിരാകാശ സുരക്ഷ, സൈബർ സുരക്ഷ, കയറ്റുമതി നിയന്ത്രണങ്ങൾ, നൂതന സാങ്കേതികവിദ്യകൾ തുടങ്ങിയവ പോലുള്ള വിവിധങ്ങളായ വിഷയങ്ങളിൽ പ്രമുഖരായ വിദഗ്ധരുടെ ചർച്ചകളും അവതരണങ്ങളും സിമുലേഷൻ വ്യായാമങ്ങളും മൂന്നാഴ്ച നീണ്ടുനിന്ന ഫെലോഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി നടന്നു. ഇന്ത്യൻ ആണവോർജ വകുപ്പ്, ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രം എന്നിവ സന്ദർശിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. പങ്കെടുത്തവർക്ക് ഇന്ത്യയുടെ സിവിൽ ആണവ, സിവിൽ ബഹിരാകാശ പരിപാടികൾ അടുത്തറിയാൻ ഇത് സൗകര്യമൊരുക്കി. തിരഞ്ഞെടുപ്പ് കമ്മീഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോളാർ എനർജി, ഇന്റർനാഷണൽ സോളാർ അലയൻസ് സെക്രട്ടേറിയറ്റ്, ഇൻഫർമേഷൻ ഫ്യൂഷൻ സെന്റർ - ഇന്ത്യൻ ഓഷ്യൻ റീജിയൻ തുടങ്ങിയ സ്ഥാപനങ്ങളും പങ്കെടുത്തവർ സന്ദർശിച്ചു.

3. പങ്കെടുക്കുന്നവരിൽ നിരായുധീകരണം, നിർവ്യാപനം, ആയുധ നിയന്ത്രണം, അന്താരാഷ്ട്ര സുരക്ഷാ കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള അറിവും കാഴ്ചപ്പാടുകളും

വർദ്ധിപ്പിക്കുകയും ഇന്ത്യയുമായും ഇന്ത്യയുടെ വിദേശനയവുമായും ബന്ധപ്പെട്ട വിവിധ വശങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഫെലോഷിപ്പ് പ്രോഗ്രാം ലക്ഷ്യമിടുന്നത്. യുഎൻ പൊതു സഭയുടെ "നിരായുധീകരണവും നിർവ്യാപനവും സംബന്ധിച്ച ഐക്യരാഷ്ട്ര സംഘടനാ പഠനം" എന്ന അനുശാസനവും ഇത് നിറവേറ്റുന്നു. പ്രോഗ്രാമിന്റെ ഒന്നും രണ്ടും മൂന്നും പതിപ്പുകൾ 2019, 2020, 2023 വർഷങ്ങളിലാണ് നടന്നത്.

**ന്യൂഡൽഹി**
**ഫെബ്രുവരി 9, 2024**